ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് നിലവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത്. പട്ടികജാതി വികസന വകുപ്പ് വിവിധ വകുപ്പുകൾ മുഖേന കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഭവനനിർമ്മാണ ധനസഹായ തുക കൈപ്പറ്റിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ മുഴുവൻ തുകയും കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിർദ്ദിഷ്ട മേൽക്കൂര നിർമ്മിക്കാത്തതിനാൽ അവസാന ഗഡു ലഭിക്കാത്തവർക്കും സ്വന്തം നിലയിൽ നിർമ്മാണം ആരംഭിച്ചവരിൽ പണി പൂർത്തീകരിക്കാത്തവർക്കും വീടിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി ഒന്നരലക്ഷം രൂപ വരെ ഭവന പൂർത്തീകരണം പദ്ധതിപ്രകാരം അനുവദിച്ചുനൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന വീടിന്റെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിലെ വീടുകളുടെ നവീകരണത്തിന് ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ചും പരമാവധി ഒന്നര ലക്ഷം രൂപ നിരക്കിൽ ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചുനൽകുന്നുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഭവന പദ്ധതികൾ**

7(5454) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

&

(ബി) ഇവരിൽ എത്ര പേർ ലൈഫ് മിഷൻ പദ്ധതിയുടെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

പട്ടികജാതി വിഭാഗക്കാർക്കായി അനുവദിച്ച 312 വീടുകളിൽ 290 എണ്ണം പൂർത്തീകരിച്ചു. പട്ടികവർഗ്ഗക്കാർക്കായി 6 വീടുകൾ അനുവദിച്ചതിൽ 6 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതിപ്രകാരം എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

**ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി**

8(5455) <u>ശ്രീ. അനൂപ് ജേക്കബ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കുമോ;

&

(ബി) അർഹതപ്പെട്ട ഇരുനൂറ്റി ഇരുപത്തിരണ്ട് കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നിലവിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പിറവം നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 10 പട്ടികവർഗ്ഗ കുടുംബങ്ങളിൽ അർഹരായ കുടുംബങ്ങൾക്ക് എടക്കാട്ടുവയലിൽ ഒഴിവുവരുന്ന പ്ലോട്ടുകളിലോ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ജില്ലയിൽ കണ്ടെത്തിയ പ്ലോട്ടുകളിലോ ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ലിസ്റ്റിലെ മുൻഗണനയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച്, മതിയായ ആധികാരിക രേഖകൾ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളോട് സ്വമേധയാ ഭൂമി കണ്ടെത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly